**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169** **21-06-2024 - ൽ മറുപടിയ്ക്ക്**

**അവയവദാന ശസ്ത്രക്രിയകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അവയവദാന ശസ്ത്രക്രിയകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കെ സോട്ടോ എക്സിക്യൂട്ടീവ് കമ്മിറ്റി അവയവദാന പദ്ധതിയുടെ പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്താറുണ്ട്. പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ അവയവദാന രംഗത്തെ വിവിധ മേഖലകളെക്കുറിച്ച് കെ സോട്ടോയുടെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തി വരുന്നു. അവയവമാറ്റ ശസ്ത്രക്രിയകൾ രണ്ട് വിധത്തിലാണ് - മരണാനന്തര അവയവദാനം വഴിയും ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനം വഴിയും. 2012 മുതൽ 2023 വരെ ജീവിച്ചിരിക്കുന്നവർ തമ്മിലും മരണാനന്തരവും നടന്ന അവയവദാനം യഥാക്രമം 12639 ഉം 1083 ഉം ആണ്. ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനം മരണാനന്തര അവയവദാനത്തേക്കാൾ വളരെ കൂടുതലായതിനാൽ മരണാനന്തര അവയവദാനത്തിന് കൂടുതൽ സന്നദ്ധത സമൂഹത്തിൽ ഉണ്ടാകുന്നതിനായി വിപുലമായ പ്രചാരണ പരിപാടികൾ കെ-സോട്ടോ ആവിഷ്കരിച്ചു വരുന്നു. |
| (ബി) | മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അത് സുതാര്യവും നിയമവിധേയവും ആക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | മരണാനന്തര അവയവദാനം മൂലം ലഭിക്കുന്ന അവയവങ്ങളുടെ വിന്യാസം സുതാര്യവും നിയമാനുസരണവുമാണ് നടക്കുന്നത്. ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്ട് 1994 ന്റെയും 2014 ലെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് മരണാനന്തര അവയവദാനം നിയന്ത്രിക്കപ്പെടുന്നത്. ഇതിന് പുറമെ മരണാനന്തര അവയവദാനവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • മസ്തിഷ്ക മരണം നിർബന്ധമായും സ്ഥിരീകരിക്കുന്നതിനും പ്രഖ്യാപിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 04.02.2012 ലെ സ.ഉ (കൈ) നം. 36/2012/ആ.കു.വ<br>• മസ്തിഷ്ക മരണം സംഭവിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള മെഡിക്കൽ ബോർഡിൽ രോഗി ചികിത്സ തേടുന്ന ആശുപത്രിയുടെ പുറത്തു നിന്നുള്ള ഡോക്ടർ വേണമെന്ന നിബന്ധന ഉൾപ്പെടുത്തിയ 18.09.2012 ലെ സ.ഉ (കൈ) നം. 304/2012/ആ.കു.വ<br>• മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന ഡോക്ടർമാരുടെ സംഘത്തിൽ ഒരാൾ സർക്കാർ സർവീസിലുള്ള എംപാനൽ ചെയ്യപ്പെട്ട ഡോക്ടർ ആകണമെന്നും, വീഡിയോഗ്രാഫി വേണമെന്നുമുള്ള നിബന്ധന ഉൾപ്പെടുത്തിയ 01.02.2017 ലെ സ.ഉ (കൈ) നം. 16/2017/ആ.കു.വ<br>• മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനായുള്ള സ്റ്റാൻഡാർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ നിർദ്ദേശിച്ചുകൊണ്ടുള്ള 03.04.2018 ലെ സ.ഉ (കൈ) നം. 53/2018/ആ.കു.വ<br>• മസ്തിഷ്ക മരണ സ്ഥിരീകരണത്തിനുള്ള മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തിയ 19.01.2020 ലെ സ.ഉ (കൈ) നം. 7/2020/ ആ.കു.വ |
| (സി) | ജീവിച്ചിരിക്കുന്ന അവയവദാതാക്കളിൽ ബന്ധു-ബന്ധുവേതര അവയവദാനങ്ങളിൽ ഓരോന്നിലും സ്വീകരിച്ചുവരുന്ന മാർഗനിർദേശങ്ങളും പിൻ തുടരുന്ന നിയമങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്ട് 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ് 2014, 19.11.2010 ലെ 14931/S2/2009/H&FWD എന്നിവ പ്രകാരമാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ബന്ധുവേതര അവയവദാനത്തിൽ, ജില്ലാതല ആതറൈസേഷൻ കമ്മിറ്റി അവയവ ദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാട് ഇല്ലെന്ന് ഉറപ്പ് വരുത്തുവാനായി ദാതാവിന്റെയും സ്വീകർത്താവിന്റെയും കഴിഞ്ഞ 3 വർഷത്തെ ബാങ്ക് ഇടപാടുകൾ പരിശോധിക്കാറുണ്ട്. കൂടാതെ അവർ തമ്മിലുള്ള അവയവമാറ്റത്തിൽ പണമിടപാടുകളൊന്നും ഇല്ലായെന്നും സംയുക്ത അപേക്ഷയിൽ പറയുന്നതു പോലെയുള്ള ബന്ധം അവർ തമ്മിൽ ഉണ്ട് എന്നും സാക്ഷ്യപ്പെടുത്തുന്നതിനും ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നോ, ജനപ്രതിനിധികളിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റും പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും കമ്മിറ്റി |

| | | | |
|---|---|---|---|
| | | | **മുമ്പാകെ ഹാജരാക്കേണ്ടതായിട്ടുണ്ട്. ബന്ധുവേതര അവയവദാനത്തിൽ ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള ഒരു സാക്ഷ്യപത്രം എന്ന നിലയിൽ ആണ് ജനപ്രതിനിധികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കമ്മറ്റി പരിഗണിക്കുന്നത്. ഇതിനു പുറമെ അവയവദാതാവിനെയും സ്വീകർത്താവിനെയും അവരുടെ അടുത്ത ബന്ധുക്കളേയും കമ്മിറ്റി നേരിൽ കേൾക്കുകയും, പണമിടപാടുകളൊന്നും തന്നെയില്ലെന്നും ജീവകാരുണ്യപരമായ കാരണങ്ങളാലാണ് അവയവദാനം എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. അവയവദാന ശസ്ത്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന സങ്കീർണ്ണതകളേയും, അവയവദാനത്തിനു ശേഷം പുലർത്തേണ്ട ജീവിതശൈലി എന്നിവയെക്കുറിച്ചും ദാതാവിനേയും അവരുടെ അടുത്ത ബന്ധുക്കളേയും ബോധ്യപ്പെടുത്തുന്നതാണ്. കൂടാതെ കമ്മറ്റിയുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനും ആവശ്യമെങ്കിൽ പുന:പരിശോധന നടത്തുന്നതിനും വേണ്ടി കമ്മറ്റിയുടെ നടപടിക്രമങ്ങളും അഭിമുഖങ്ങളും വീഡിയോ റെക്കോഡ് ചെയ്ത് സൂക്ഷിക്കുന്നു. ഇപ്രകാരം സൂക്ഷ്മ പരിശോധന നടത്തിയ ശേഷം മാത്രമാണ് കമ്മിറ്റി ശസ്ത്രക്രിയക്ക് അനുവാദം നൽകുന്നത്.** |
| (ഡി) | അവയവദാന ശസ്ത്രക്രിയകൾ കുറ്റമറ്റ രീതിയിലും നിയമവിധേയമായും നടത്തുന്നതിന് എന്തെല്ലാം കർശന നിയമങ്ങളും നിയന്ത്രണങ്ങളുമാണ് പിൻ തുടരുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | **ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്ട് 1994 ഉം ട്രാൻസ്പ്ലാന്റഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ് 2014 ഉം, ആണ് അവയവദാന ശസ്ത്രക്രിയകൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുള്ള നിലവിലെ നിയമങ്ങൾ. ഇതിനെ ആസ്പദമാക്കിക്കൊണ്ടുള്ള 19.11.2010 ലെ 14931/എസ്2/2009/ആ.കു.വ വിജ്ഞാപനം പ്രകാരം ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാന കൈമാറ്റ ശസ്ത്രക്രിയകൾ നടത്തിവരുന്നു. മരണാനന്തര അവയവ ദാതാവിൽ നിന്നുള്ള അവയവങ്ങളുടെ വിന്യാസം എങ്ങനെയാവണമെന്ന് നിശ്ചയിച്ചുകൊണ്ട് 04.02.2012 സ.ഉ (കൈ) നം. 37/2012/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട് രാജ്യത്തു തന്നെ ആദ്യമായി മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ പുറപ്പെടുവിച്ചത് 19.01.2020 ലെ സ.ഉ (കൈ) നം. 07/2020/ആ.കു.വ പ്രകാരമാണ്.** |

സെക്ഷൻ ഓഫീസർ